ഉത്തരം

കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് 19-ൽ സർവ്വേ നമ്പർ 94/2-ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ ഭൂമിയിൽ, വാണിജ്യ നികുതി ഓഫീസ് സമുച്ചയം പണിയുന്നതിനു വേണ്ടി, ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിന് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമരവിള വാണിജ്യനികുതി ചെക്ക് പോസ്റ്റ്

115 (2593) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമരവിള വാണിജ്യ നികുതി ചെക്ക് പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം അവിടെ വിജിലൻസ് പരിശോധന നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 21-8-2010-ൽ ഒരു വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് വകുപ്പിന്റെ പരിശോധനയിലാണ്.

വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതിമുക്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

116 (2594) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതി മുക്തമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതിവരുമാനം വർദ്ധിച്ചതായി കരുതുന്നുണ്ടോ ; എങ്കിൽ ഓരോ ചെക്ക് പോസ്റ്റിന്റെയും വരുമാനം സംബന്ധിച്ച കണക്ക് 1-4-2001 മുതൽ 31-3-2010 വരെയുള്ളത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ അഴിമതി മുക്തമാക്കുന്നതിനായി ഒട്ടേറെ പരിഷ്ക്കാര പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി നൽകി നടപ്പിലാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി, ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഗതാഗത സൗകര്യം, ഭക്ഷണം എന്നിവയും ബംഗ്ര മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയും ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly